## മെരിറ്റ് ഡെ ആചരിച്ചു




കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള വിവിധ എൻഡോവ്മെന്റുകൾ ജൂൺ 20 ന് നടന്ന മെരിറ്റ് ഡെ യിൽ വിതരണം ചെയ്തു. സ്ക്കൂൾ മാനേജർ അഡ്വ. രമേശ് ബാബു അദ്ധ്യക്ഷത വഹിച്ച യോഗം ബഹു. പഞ്ചായത്തു പ്രസിഡന്റ് ശ്രീ **M N** രാമകൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു. മുൻ **MLA** ശ്രീ. തോമസ് ചാഴികാടൻ വിവിധ എൻഡോവ്മെന്റുകൾ വിതരണം ചെയ്തു. **PTA** പ്രസിഡന്റ്. ശ്രീ. **TM** വിശ്വനാഥൻ, **MPTA** പ്രസിഡന്റ് ശ്രീമതി. ഗീതാ ശിവാനന്ദൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. സ്ക്കൂൾ പ്രിൻസിപ്പാൾ ശ്രീ. കെ.എസ്. ജോസഫ് സ്വാഗതവും അദ്ധ്യാപകപ്രതിനിധി ശ്രീ. മനോജ് നന്ദിയും അർപ്പിച്ചു.

കുമാരി. സേതുലക്ഷ്മി , ലക്ഷ്മി കെ. ഭദ്രൻ , നിമിഷമോൾ ബാബു, ശ്രീ. ബിബിൻ ബാബു, അബിൻ ജോസഫ്, അജീഷ് ജോസ് എന്നിവരാണ് എൻ്ഡോവുമെന്റുകൾക്ക് അർ ഹരായത്.

**NCERT** യുടെ **Best Student** ആയി തെരെഞ്ഞെടുത്ത പൂർവ്വവിദ്യാർത്ഥി കുമാരി. ജ്യോതികൃഷ്ണയെ യോഗത്തിൽ അനുമോദിച്ചു.

## നിറം മാറുന്ന വന്ദേമാതരം

കാലങ്ങളായുള്ള കോലം ഒന്നു മാറ്റാനുള്ള ശ്രമത്തിലാണ് സ്ക്കൂൾ . ഈ വർഷം സ്കൂൾ യൂണിഫോം മാറുന്നതായി പ്രിൻസിപ്പാൾ അറിയിച്ചു. നിറത്തിൽ മാത്രമല്ല രൂപത്തിലും ഭാവത്തിലും മാറ്റമുണ്ടത്രെ!. അഞ്ചാംക്ലാസ്സു മുതലുള്ള പെൺ കുട്ടികൾ ഇനി ചുരിദാറും കോട്ടും എല്ലാം അണിഞ്ഞാവും നടപ്പ്. ഓണത്തോടെ വേഷപ്പകർച്ച പൂർത്തിയാവും എന്നാണു കേൾവി. എന്തായാലും ഇതിന്റെ പേരിൽ എല്ലാ ദിവസവും കളർ ഡ്രസ്സ് ഇടുന്നതിനു കിട്ടിയ അസുലഭാവസരത്തിൽ സന്തുഷ്ടരാണ് കുട്ടികൾ



## രാമാനുജ സ്മരണയിൽ . . .



ഭാരതത്തിന്റെ അതുല്യ ഗണിതപ്രതിഭ ശ്രീനിവാസ രാമാനുജനെ അടുത്തറിയാൻ കഴിഞ്ഞതിന്റെ ആഹ്ലാദ ത്തിലാണ് കുട്ടികൾ. ദേശീയ ഗണിതശാസ്ത്രവർഷം 2012 ന്റെ ഭാഗമായി ശ്രീനിവാസ രാമാനുജനെ പറ്റിയുള്ള ഒരു സ്ലൈഡ്ഷോ കംപ്യൂട്ടർ റൂമിൽ വച്ച് നടത്തപ്പെട്ടു. എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളായ ജൂബിൻ എബ്രഹാം, ജുവൽ കെ ജോസ് എന്നിവർ പരിപാടിയുടെ അവതാരകരായി. സ്ക്കൂൾ വിഭാഗത്തിലെ മുഴുവൻ കുട്ടികളും പങ്കെടുത്ത പരിപാടി അത്യന്തം രസകരവും വിജ്ഞാനപ്രദവും ആയിരുന്നു എന്നു കുട്ടികൾ അഭിപ്രായപ്പെട്ടു

## ഭാരവാഹികളെ തെരെഞ്ഞെടുത്തു

2012-13 അധ്യയനവർഷത്തെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ വന്ദേമാതരം സ്ക്കൂൾ യൂണിറ്റിന്റെ ഭാരവാഹികളെ തെരെഞ്ഞെടുത്തു. **STD X** വിദ്യാർത്ഥിനി സ്നേഹാ സജീവനാണ് പ്രസിഡന്റ്. സെക്രട്ടറിയായി വിഷ്ണു രമേശും (**STD X**) ജോ: സെക്രട്ടറിയായി ഐശ്വര്യ സുരേഷും (**STD IX**) തെരെഞ്ഞെടുക്കപ്പെട്ടു. **STD IX** ലെ അമ്പിളി റ്റി വിജയൻ ആണ് ട്രഷറർ .

വിവിധ ക്ലാസ്സുകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 12 അംഗങ്ങളുടെ ഒരു എക്സിക്യുട്ടിവ് കമ്മിറ്റിയും രൂപീകരിച്ചു.സ്ക്കൂൾ പ്രിൻസിപ്പാൾ ശ്രീ. കെ.എസ്. ജോസഫ് രക്ഷാധികാരിയായ ഈ സമിതിയുടെ കൺവീനർമാർ ശ്രീ. ബി.കെ. മനോജും ശ്രീ. നീലകണ്ഠൻ നമ്പൂതിരിയുമാണ്.സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ കലാസാഹിത്യ പരിപാടികൾ ഈ വർഷം ആസൂത്രണം ചെയ്യുമെന്ന് ഭാരവാഹികൾ അറിയിച്ചിട്ടുണ്ട്-.

---

### ഉടൻ പുറത്തിറങ്ങുന്നു

### “ അമ്മ മലയാളം “

**മാതൃഭാഷയുടെ ഉല്പത്തിയും വികാസവും പരിണാമവും എല്ലാം പ്രതിപാദിക്കുന്ന ഒരു സമഗ്രപഠനം**

ഒരു വിദ്യാരംഗം കലാസാഹിത്യവേദി പ്രസിദ്ധീകരണം

---




**ഒരു വിദ്യാരംഗം കലാസാഹിത്യവേദി പ്രസിദ്ധീകരണം**

സ്ക്കൂൾ
ആവശ്യത്തിനു വേണ്ടി
മാത്രം

## വന്ദേമാതരം ഗിന്നസ്സ് ബുക്കിലേക്ക്...

ലോക വവ്വാൽ വർഷവുമായി ബന്ധപ്പെട്ട് യുനെസ്ക്കൊ നടത്തിയ സർവ്വെയിൽ ലോകത്തിൽ ഏറ്റവും കൂടുതൽ വവ്വാലുകൾ സുഖമായി താമസിക്കുന്നത്ഏഷ്യാ ഭൂഖണ്ഡത്തിലെ ഇന്ത്യാ രാജ്യത്തിലെ കേരളസംസ്ഥാനത്തിലെ കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ വെളിയന്നൂർ വില്ലേജിലെ വന്ദേമാതരം സ്കൂളിലാണെന്നു കണ്ടെത്തിയിരിക്കുന്നു.ഇവിടെ ഇവർക്ക് യാതൊരുവിധ വർഗ്ഗവർണ്ണ വിവേചനവും നൽകുന്നില്ല എന്നത് ശ്രദ്ധേയമാണ് എന്ന് നേച്ചർ മാസികയിൽ പ്രസിദ്ധീകരിച്ച കുറിപ്പിൽ ഇവർ വിശദീകരി കരിച്ചു

ശാസ്ത്രവും സാഹിത്യവും കേട്ട് ജീവിതം നയിക്കുന്ന ഇവരുടെ ജീനുകളിൽ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഈ വിഷയത്തിൽ സമഗ്രമായഗവേഷണം ആവശ്യമാണെന്നും ചില ജീവശാസ്ത്ര ഗവേഷകർ അറിയിച്ചിട്ടുണ്ട്. വന്ദേമാതരത്തേയും ലോകപൈത്രുക കേന്ദ്രമായി പ്രഖ്യാപിച്ചുകളയുമോ എന്ന ഭയപ്പാടിലാണ് ഇവിടുത്തെ അദ്ധ്യാപകരും കുട്ടികളും !.

## വന്ദേമാതരം

അമ്മയ്ക്കു വന്ദനം
അമ്മയ്ക്കു വന്ദനം
അമ്മയ്ക്കു വന്ദനം, വന്ദനം! വന്ദനം!

ശുദ്ധജലത്താൽ
മധുരഫലങ്ങളാൽ
ചന്ദനശീതള മന്ദമരുത്തിനാൽ
സസ്യമനോഹര ശ്യാമളകാന്തിയാൽ
ധന്യായാമമ്മ്യ്ക്കു വന്ദനം വന്ദനം

വെള്ളിനിലാവിൽ
പുളകം മുളച്ചിടും
മഞ്ജുള മോചന നീരവരാവിനാൽ
ഫുല്ലസുമങ്ങളാ
ലുല്ലസിക്കും തരു
വല്ലികൾ ചൂഴും ദലകുലലീലയാൽ
ശോഭിതയമ്മേ

സുഹാസിനീ, സുന്ദരീ
മാധുര്യസാരമലർ മടുഭാഷിണീ
മാനസസൗഖ്യപ്രസാരിണീ നൽവര
ദായിനീ, വന്ദനം അമ്മയ്ക്കു വന്ദനം

അമ്മയ്ക്കു വന്ദനം
അമ്മയ്ക്കു വന്ദനം
അമ്മയ്ക്കു വന്ദനം.. ,വന്ദനം ..വന്ദനം

---പ്രൊഫ. സി. ജെ. മണ്ണുമ്മൂട്

